
# ധന്യൻ അഗസ്റ്റിൻ ജോൺ
# ഊക്കനച്ചൻ



സിസ്റ്റർ ലോറൻസ് സി.എസ്.സി.

# Exhortations & Confrences






## Spiritual Diary

*"വിജ്ഞാനപ്രദമായ
നല്ല പുസ്തകം
ജ്ഞാനവായനക്കായി
തിരഞ്ഞെടുക്കണം"*

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



1880 ഡിസംബർ 19 – 1956 ഒക്ടോബർ 13

"സ്നേഹിക്കുകയാണ് നിങ്ങളുടെ ജോലി,
സ്നേഹത്തിൽ നിങ്ങളെ ആരും പിന്നിലാക്കാതിരിക്കട്ടെ."

സിസ്റ്റർ ലോറൻസ് സി.എസ്.സി.

മരിയഭവൻ സി.എസ്.സി. ജനറലേറ്റ്
കോലഴി, തൃശൂർ 680 010

**Venerable Fr Augustine John Ukken**
(Malayalam)

Author:
Sr Lawrence CSC

Published by:
Rev. Mother Rincy CSC
Superior General

First Impression:
December, 2021

Printed & Designed by:
Santhibhavan Offset Press
Kannamkulangara, Thrissur
Ph: 9349018918

Price :
₹. 30/-

Charity Publications
Maria Bhavan CSC Generalate
Kolazhy, Thrissur 680 010

Copy right to the Publishers
© Rights Reserved



"ദൈവത്തിന്റെ കരുണ എനിക്കു ലഭിച്ചു. ഇനിമുതൽ ഞാൻ ദൈവത്തിന്റെ അനന്തകാരുണ്യത്താൽ ഉയർത്തപ്പെട്ട സ്മാരകമായിരിക്കും. ദിവ്യകാരുണ്യത്തിന്റെ അനന്തശക്തിയാൽ രക്ഷിക്കപ്പെട്ടവനാണ് ഞാൻ. അതുകൊണ്ട് ഞാൻ നിത്യകാലത്തോളം ദൈവത്തിന്റെ കാരുണ്യം പ്രഘോഷിക്കും. എന്റെ ജീവിതത്തിലുടനീളം ഞാനത് അനുഭവിച്ചിട്ടുണ്ട്. അതുകൊണ്ട് പാവങ്ങളോടും ദുർബലരോടും കരുണാർദ്രതയോടെ പെരുമാറുകയും അവരുടെ ഈ അവസ്ഥ മെച്ചപ്പെടുത്തുവാൻ എല്ലായ്പ്പോഴും പ്രത്യേകിച്ച് ഒരു പുരോഹിതനെന്ന നിലയിൽ സത്രം സൂക്ഷിപ്പുകാരനായിരിക്കുമ്പോഴും പരിശ്രമിക്കുകയും ചെയ്യും."

"നാം എല്ലാവരേയും സ്നേഹിക്കണം. രോഗികളോടും പാവപ്പെട്ടവരോടും സമുദായം അവഗണിച്ചവരോടും പ്രത്യേക പരിഗണന കാണിക്കുകയും വേണം."





**സി. റിൻസി CSC**

CSC സുപ്പീരിയർ ജനറൽ

# സന്ദേശം

ഓരോ കാലത്തിനും ഓരോ ദേശത്തിനും ദൈവത്തിന്റെ കയ്യൊപ്പുള്ള വിശുദ്ധ പ്രവാചകരുടെ ജീവിതവും ദർശനങ്ങളും പ്രവർത്തനങ്ങളും കാലാതീതമായ ദിശാ ബോധം പകരുന്നു. ചരിത്രത്തിൽ ഇടപെടുന്ന ദൈവം സമ്മാനിക്കുന്ന അവരുടെ ജീവിത മാതൃകകൾ തലമുറകൾക്ക് പാഠപുസ്തകമായിമാറുന്നു. ജീവിത സമസ്യക ളുടെ അവ്യക്തതകളുടെ മുമ്പിൽ വർത്തമാനജീവിത വഴിക്കവലകളിൽ ആ ജീവി തങ്ങൾ വിശുദ്ധിയിലേക്കും വിമോചനത്തിലേക്കുമുള്ള ചൂണ്ടുപലകകളാകുന്നു. 1880 - ൽ തൊയക്കാവിൽ ജനിച്ച് പറപ്പൂർ വളർന്ന് 1956 - വരെ നീണ്ട സംഭവ ബഹു ലമായ ജീവിതം കൊണ്ട് തൃശൂരിനെ കരുണയുടെ സംസ്കാരത്തിലേക്ക് വളർത്തിയ തൃശൂർ അതിരൂപതയിലെ ശ്രേഷ്ഠപുരോഹിതനാണ് ഉപവി സന്യാസിനി സമൂഹ സ്ഥാപകനായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ.

പാവപ്പെട്ടവരുടെമേൽ ഒരു സങ്കീർത്തനംപോലെ പെയ്തിറങ്ങിയ അനു ഗ്രഹവർഷം, പതിതർക്കും ഭഗ്നാശർക്കും വേണ്ടി അവസാനംവരെ സ്പന്ദിച്ച ഹൃദയം, ദൈവികതയിലൂന്നിയ മാനവികതക്ക് ഊടും പാവും നൽകിയ സമീപനം... ഇങ്ങനെ സുവിശേഷത്തിന്റെ സംഗീതം ജീവിതത്തിലൂടെ കേൾപ്പിച്ച ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിതവഴികളിലൂടെയുള്ള ഒരു തീർത്ഥാടനമാണ് ഈ ചെറുഗ്രന്ഥ ത്തിലെ ഓരോ ഇതളും.

സ്നേഹപ്രവാചകനായ ഊക്കനച്ചന്റെ അനുഗ്രഹീത വഴികളിലൂടെ പ്രയാണം ചെയ്യുവാൻ അനുവാചകരെ ക്ഷണിക്കുന്ന ഈ ചെറുഗ്രന്ഥം രൂപകല്പന ചെയ്യു വാൻ യത്നിച്ച എല്ലാവർക്കും പ്രത്യേകിച്ച് ഗ്രന്ഥകർത്രി ബ.സി. ലോറൻസ് CSC ക്കും മനോഹരമായ വിധത്തിൽ അച്ചടി നിർവഹിച്ച് സഹൃദയ സമക്ഷം അവതരണയോഗ്യ മാക്കിയ കണ്ണംകുളങ്ങര ശാന്തിഭവൻ ഓഫ്സെറ്റ് പ്രസ്സ് & മാനേജർ റവ. സി. സജീവ CSCക്കും, പ്രസ്സിലെ സുഹൃത്തുക്കൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും നന്ദിയും നേരുന്നു.

ഈ ചെറുപുസ്തകം അനേകായിരങ്ങൾക്ക് വഴിവിളക്കായിമാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

**സി. റിൻസി CSC**

CSC സുപ്പീരിയർ ജനറൽ

അഗതികളുടെയും ആലംബഹീനരുടെയും പാവങ്ങളുടെയും സമുദായം ഭ്രഷ്ട് കല്പിച്ചവരുടെയും അതിർവരമ്പിൽ കഴിയുന്നവരുടെയും സമഗ്രമായ ഉദ്ധാരണത്തിനായി ജീവിതം സമർപ്പിച്ച അവിഭക്ത തൃശൂർ രൂപതയിലെ കരുണാർദ്രസ്നേഹത്തിന്റെ പ്രവാചകനും പ്രഘോഷകനും ചാരിറ്റി സന്യാസിനി സമൂഹത്തിന്റെ (CSC) സ്ഥാപകനുമാണ് 2018 ഡിസംബർ 21-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ധന്യപദവിയിലേക്കുയർത്തിയ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. അരനൂറ്റാണ്ടോളം രൂപതയുടെ ബഹുമുഖമായ വളർച്ചയിൽ അനുപമമായ പങ്കുവഹിച്ചിട്ടുള്ള വൈദിക ശ്രേഷ്ഠനാണ് ഊക്കനച്ചൻ. ജീവിതം ക്രൂശിതനായ ഈശോയുമായി താദാത്മ്യപ്പെടുത്തുവാൻ സദാ ജാഗ്രത പുലർത്തി, ജീവിത സാഹചര്യങ്ങളെല്ലാം അതിനുള്ള നിമിത്തങ്ങളായി കണ്ട് ഇടുങ്ങിയ വഴികളിലൂടെ സഞ്ചരിച്ച്, ജീവിതം ക്രൂശിതനോടുള്ള പ്രണയഗീതമാക്കി മാറ്റി ഒരു സ്നേഹ സംസ്കാരത്തിന് തിരിതെളിച്ച് മുറിവേറ്റ് വിരൂപമാക്കപ്പെട്ട മുഖങ്ങളിൽ ഈശോയെ ദർശിച്ച് രൂപ ഭംഗി വരുത്തിയ ഒരു സ്നേഹഗായകനാണ് അദ്ദേഹം. ക്രൈസ്തവ ജീവിതത്തിൽ വിശുദ്ധി എന്നത് അപ്രാപ്യമായ ഒന്നല്ലെന്നും എല്ലാവർക്കും അത് സ്വന്തമാക്കാമെന്നും അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു: "സാധാരണ പ്രവൃത്തികളാണ് ഒരുവനെ വിശുദ്ധനാക്കുന്നത്". ഇപ്പോൾ അദ്ദേഹം ചൊവ്വന്നൂർ സെന്റ് തോമസ് കത്തോലിക്കാ ദേവാലയത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു.

ഈ ലോക ജീവിതത്തെ ഒരു തീർത്ഥയാത്രയായി ദർശിച്ച ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിത വഴികളിലൂടെയുള്ള ഒരു സഞ്ചാരമാണ് ഈ ലഘു ഗ്രന്ഥം.

## ജനനവും മാമ്മോദീസായും

തൃശൂർ ജില്ലയിലെ എടക്കുളം ഊക്കൻ കുടുംബത്തിൽ നിന്നും പറപ്പൂർ വന്നു താമസമാക്കിയ ശ്രീ അന്തപ്പന്റെയും തൊയക്കാവ് സ്വദേശിയായ ചാലയ്ക്കൽ അന്നമ്മയുടെയും മകനായി 1880 ഡിസംബർ 19-ാം തീയതി ജോൺ ഊക്കൻ തൊയക്കാവിൽ ഭൂജാതനായി. അദ്ദേഹത്തിന്റെ യഥാർഥ പേര് യോഹന്നാൻ എന്നായിരുന്നു. ലോനപ്പൻ എന്ന ഓമനപ്പേരാൽ അദ്ദേഹം അറിയപ്പെട്ടു. എല്ലാ രജിസ്റ്ററുകളും സർട്ടിഫിക്കറ്റുകളും ഇത് വ്യക്തമാക്കുന്നുണ്ട്. എന്നാൽ സെമിനാരി കാലം മുതൽ അദ്ദേഹം സ്വയം എഴുതിയിരുന്നത് അഗസ്റ്റിൻ ജോൺ ഊക്കൻ എന്നാണ്. അഗസ്റ്റിൻ എന്ന പേര് എങ്ങനെ കൂട്ടിച്ചേർക്കപ്പെട്ടു എന്ന് വ്യക്തമല്ല. വി. അഗസ്റ്റിൻ തന്റെ 'Heaven Given Patron' എന്നാണ് അദ്ദേഹം ആദ്ധ്യാത്മിക ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിശുദ്ധന്റെ ആത്മീയത ഒപ്പിയെടുക്കുവാനുള്ള സ്ഥിരമായ പരിശ്രമവും ഡയറിയിൽ വ്യക്തമാക്കുന്നുണ്ട്.



ജന്മഗേഹം

" എല്ലാ ഭവനങ്ങളും
നസ്രസ്സിലെ
തിരുക്കുടുംബം
പോലെ
ആയിത്തീരട്ടെ."

ധാരാളം വൈദികരുള്ള അതിപുരാതനമായ കത്തോലിക്കാ കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന്റെ മാമ്മോദീസ അന്നത്തെ പാരമ്പര്യമനുസരിച്ച് അമ്മയുടെ ഇടവകയായ ഏനമ്മാവ് കർമല മാതാവിന്റെ ദേവാലയത്തിൽ വച്ച് നടന്നു.

## ബാല്യകാലം

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ബാല്യകാലം പ്രശ്നങ്ങളാൽ ആടിയുലയപ്പെട്ടതായിരുന്നു. അമ്മയുടെ സ്നേഹപരിലാളനകളിൽ വളരുവാനുള്ള ഭാഗ്യം ബാലനായ ജോണിന് അധികനാൾ ഉണ്ടായില്ല. അദ്ദേഹത്തിന് രണ്ടര വയസ്സുള്ളപ്പോൾ അമ്മ ഈ ലോകത്തോട് വിടപറഞ്ഞു. അപ്പന്റെ സ്നേഹവും സംരക്ഷണവും ഏറ്റുവാങ്ങി വളർന്നുവരുവാനുള്ള ഭാഗ്യവും ജോണിന് ലഭിച്ചില്ല. ജോണിന് ആറ് വയസ്സുള്ളപ്പോൾ അപ്പൻ കോളറ ബാധിച്ച് മരിച്ചു. അപ്പന്റെ സഹോദരി പറപ്പൂരുള്ള അച്ചാരുണ്ണിയുടെ സംരക്ഷണയിൽ വീട്ടുജോലികളൊക്കെ ചെയ്ത് ജോൺ വളർന്നുവന്നു. തന്റെ വേദനാജനകമായ ബാല്യത്തെപ്പറ്റിയുള്ള ഓർമകൾ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1903 മെയ് 21-ാം തീയതി സ്വർഗാരോഹണ തിരുനാൾ ദിനം അദ്ദേഹം ധ്യാനിച്ച് രേഖപ്പെടുത്തുന്നു: "ഈശോ ഇന്ന് എന്നോട് ഇപ്രകാരം പറയുന്നതായി എനിക്കനുഭവപ്പെട്ടു. ഞാൻ നിന്നെ നിസഹായനും അനാഥനുമായി വിടുകയില്ല; നിനക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുവാൻ ഇവിടെ ഞാനുണ്ട്. അമ്മയുടെ നേരെ തിരിഞ്ഞ് യേശു പറഞ്ഞു: ഇതാ നിന്റെ മകൻ. അപ്പോൾ എന്നെ പൂർണമായും ഞാൻ അമ്മക്കു സമർപ്പിച്ചു". പരിശുദ്ധ അമ്മ വി. യോഹന്നാനെ തന്റെ പ്രിയപ്പെട്ട മകനെപ്പോലെ സ്നേഹിച്ചു എന്ന് ധ്യാനിച്ച ജോൺ അച്ചൻ 1903 മെയ് 23-ാം തീയതി രേഖപ്പെടുത്തുന്നു, "... മാധുര്യം നിറഞ്ഞ അമ്മ

തൃശൂരിൽ സെന്റ് തോമസ് സ്കൂൾ ആരംഭിച്ചിരുന്നു. ആയത്ത പഠന ത്തിനായി (Preparatory Ecclesiastical Education) 1895-ൽ 12 കുട്ടികൾ അവിടെ താമസിച്ച് പഠിച്ചിരുന്നു. ഇറ്റാലിയൻ മിഷനറി ഫാ. ലുദൊവികോസ് സംബൊണെല്ലിയും ഫാ. മാത്യു ചിറമ്മലും ലാറ്റിനും ഫാ. പൗലോസ് കുറ്റിക്കാട്ട് സുറിയാനിയും അവരെ പഠിപ്പിച്ചു. ജോൺ ഊക്കനെ ആയത്ത പഠനത്തിനുശേഷം വൈദിക പരിശീലനത്തിനായി കാന്റി യിലേക്കയച്ചു. വൈദികരുടെ സമയോചിതമായ ഇടപെടൽ ജോൺ ഊക്കന്റെ ജീവിതത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്.

## സെമിനാരി കാലഘട്ടം

തൃശൂർ വികാരിയാത്തിൽ നിന്നും വൈദിക പരിശീലനത്തിനായി അർഥികളെ പുത്തൻപള്ളി സെമിനാരിയിലേക്കും സിലോണിലെ കാന്റി പേപ്പൽ സെമിനാരിയിലേക്കുമാണ് അയച്ചിരുന്നത്. 1898 ഏപ്രിൽ 17-ാം തീയതി ജോൺ ഊക്കൻ കാന്റിയിലെ പേപ്പൽ സെമിനാരി യിൽ പ്രവേശിച്ച് പ്രാഥമിക പരിശീലനം നേടി. 1900 ഡിസംബർ 22-ാം തീയതി അദ്ദേഹം വൈദിക വസ്ത്രം സ്വീകരിച്ചു. അദ്ദേഹം ഫിലോ സഫിയും തിയോളജിയും പഠിച്ചത് അവിടെത്തന്നെയായിരുന്നു. രണ്ട് സെക്ഷനിലും അദ്ദേഹം പ്രീഫെക്ട് ആയിരുന്നു. ജോൺ ഊക്കൻ സമർഥനായ ഒരു പുരോഹിതാർഥി ആയിരുന്നു.



പേപ്പൽ സെമിനാരി, കാന്റി

*" മൂന്ന് വർഷത്തെ പരസ്യജീവിതത്തിനായി യേശു മുപ്പത് വർഷം ഒരുങ്ങി. എന്റെ സെമി നാരി ജീവിതവും യേശു വിന്റെ ജോലി തുടരുന്നതിനുള്ള ഒരുക്കമാണ്."*

## പ്രീഫെക്ട്

പ്രീഫെക്ട് എന്ന നിലയിൽ അധികാരികൾക്ക് വിധേയപ്പെട്ടും ആലോചനചോദിച്ചും സഹപാഠികളോട് സ്നേഹാദരവോടെ വർത്തിച്ചും ഉത്തരവാദിത്വങ്ങൾ നിർവഹിച്ചു. തന്നെ ഏൽപിക്കുന്ന ഉത്തരവാദിത്വങ്ങളെല്ലാം എളിമയോടുകൂടി നിർവഹിക്കണമെന്ന്

അദ്ദേഹം തീരുമാനിച്ചു. അദ്ദേഹം ഡയറിയിൽ രേഖപ്പെടുത്തി, "ഈശോ സ്വയം താഴ്ത്തി ദാസന്റെ രൂപം സ്വീകരിച്ചു. അങ്ങനെ പരിശുദ്ധമായ നാമത്തിന് അർഹനായി". ജോണിന്റെ ഹൃദയതാഴ്മ ശുശ്രൂഷാ നിർവഹണം ഏവർക്കും സ്വീകാര്യമാക്കിത്തീർത്തു.

അദ്ദേഹം 1907-ൽ എഴുതി: "ദൈവമഹത്വത്തിനായുള്ള എന്റെ തീക്ഷ്ണത എന്റെ വിശുദ്ധീകരണത്തിലും പഠനത്തിലും ഉൾപ്പെടണം. ദൈവത്തോടും ആത്മാക്കളോടുമുള്ള സ്നേഹത്താൽ എരിയുന്ന ഒരു വിശുദ്ധനാകുവാൻ തീക്ഷ്ണതയോടെ ശ്രമിക്കണം. ഈ അവസാന വർഷത്തിലെ എന്റെ പഠനമെല്ലാം സന്തോഷത്തോടുകൂടിയും ആത്മാർഥമായും നടത്തണം. എന്റെ അധികാരികൾക്കു വിധേയപ്പെട്ട് ഏൽപ്പിച്ചിരിക്കുന്ന പ്രീഫെക്ടിന്റെ ജോലി നന്നായി ചെയ്യുവാൻ ശ്രമിക്കുകയും എന്റെ സഹോദരങ്ങളെ കൂടുതൽ നല്ലവരാക്കുന്നതിനോ, അവരുടെ തെറ്റുകൾ തിരുത്തുന്നതിനോ ആയി സ്നേഹത്തോടും ബഹുമാനത്തോടും കൂടി വാക്കുകൾ ഉപയോഗിക്കുകയും വേണം."


സെമിനാരിയിലായിരിക്കുമ്പോൾ തന്റെ ആത്മീയ വളർച്ചയിൽ അതീവ ജാഗ്രത പുലർത്തിയിരുന്നെന്നും നിരന്തരവും സ്ഥിരവുമായ പരിശ്രമത്തിലൂടെ വിശുദ്ധിയിലും ക്രിസ്തീയ പുണ്യങ്ങളിലും വളരുവാൻ തീക്ഷ്ണമായി ആഗ്രഹിച്ചിരുന്നെന്നും ഡയറിയിലെ എല്ലാ പേജുകളും വ്യക്തമാക്കുന്നു.

## വൈദികൻ

ജോൺ ഊക്കൻ ശെമ്മാശ്ശൻ ചെറിയ പട്ടങ്ങൾ 1904 ഡിസംബർ 17-നും സബ്ഡീക്കൻ പട്ടം 1905 ഡിസംബർ 23-നും ഡീക്കൻ പട്ടം 1906 ഡിസംബർ 22-നും സ്വീകരിച്ചു. 1907 ഡിസംബർ 21-ാം തീയതി കാന്റിയിൽ വച്ച് ബിഷപ് ക്ലമൻസ് പഗാനി ഒ.എസ്.ബി.യിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അടുത്ത ദിവസം 1907 ഡിസംബർ 22-ാം തീയതി അദ്ദേഹം അവിടെത്തന്നെ നവപൂജാർപ്പണം നടത്തി.



*" യേശുവിനേയും അവിടുത്തെ സാമ്രാജ്യത്തേയും മറ്റുള്ളവരെ അറിയിക്കുവാനാണ് ഞാൻ വിളിക്കപ്പെട്ടിരിക്കുന്നത്. "*



Young Fr Augustine John Ukken

## പൗരോഹിത്യ ജീവിതവും അജപാലന ശുശ്രൂഷയും

ഫാ. അഗസ്റ്റിൻ ജോൺ ഊക്കന്റെ പൗരോഹിത്യശുശ്രൂഷയെ മൂന്ന് ഘട്ടങ്ങളായി തിരിക്കാം:

**ആദ്യഘട്ടം** : 1907 – 1928 രൂപതാ ആസ്ഥാനവുമായി ബന്ധപ്പെട്ട ശുശ്രൂഷകൾ



St Thomas School, Thrissur



St Thomas College



Minor Seminary



Bishop's House

*" യേശുവിന്റെ പാവനമായ സേവനത്തിനായി സമർപ്പിക്കപ്പെട്ട ഒരു പാത്രമാകുന്നു ഞാൻ."*



Minor Seminary Rector

*"ഈശോയിൽ നിന്ന് പഠിക്കുക, ഈശോയെ പോലെ ആകുക."*

**രണ്ടാംഘട്ടം** : 1928 – ഒരു മിഷനറിയാകണമെന്ന തന്റെ ചിരകാലാഭിലാഷം പൂവണിയുംവിധം രൂപതയുടെ പ്രാന്തപ്രദേശമായ കുന്ദംകുളവും പരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ചുള്ള അജപാലന ശുശ്രൂഷ.

### വികാരി



കണ്ടശ്ശാംകടവ്



വിജയപുരം



കത്തീഡ്രൽ



കോട്ടപ്പടി

*" ഞാൻ നിത്യ കാലത്തോളം ദൈവത്തിന്റെ അനന്തമായ കാരുണ്യം പ്രഘോഷിക്കും."*

യേശുവിനെയും പരിശുദ്ധ അമ്മയെയും ജീവിത മാതൃകയാക്കിയ ഊക്കനച്ചൻ "യേശുവിനെപ്പോലെയാകുക എന്നതാണ് എന്റെ ഒരേയൊരു പ്രതിജ്ഞ" എന്ന് പരിശീലനകാലഘട്ടത്തിൽത്തന്നെ ആദ്ധ്യാത്മിക ഡയറിയിൽ കുറിച്ചുവച്ചു. "എല്ലായിടത്തും എപ്പോഴും എന്റെ നായകനും മാതൃകയുമായ യേശു പ്രവർത്തിച്ചാലെന്നപോലെ ഞാനും പ്രവർത്തിക്കും" എന്ന് അദ്ദേഹം പ്രതിജ്ഞയെടുത്തു. ദൈവ സ്നേഹംകൊണ്ടു നിറഞ്ഞ് യേശുവിനെ സ്വന്തമായി സ്വീകരിച്ച് ഈശോയുടെ ജീവിതത്തിലെ എല്ലാ വശങ്ങളും ധ്യാനിച്ച് യേശുവുമായുള്ള ആത്മബന്ധം പുലർത്തി. ദൈവവുമായി വലിയ സ്നേഹൈക്യ അനുഭവത്തിലേക്ക് അദ്ദേഹം വളർന്നു. ആ സ്നേഹം അണപൊട്ടിയൊഴുകിയത് തന്റെ പൗരോഹിത്യ ശുശ്രൂഷാ വേദികളിലാണ്. ഊക്കനച്ചന്റെ ജീവിതത്തിൽ ദൈവം ഇടപെട്ടപ്പോൾ ആയിരുന്ന ഇടങ്ങളിലൊക്കെ അദ്ദേഹം അനേകർക്ക് അനുഗ്രഹമായി മാറി.

അജഗണങ്ങളോടുള്ള കരുണയും സ്നേഹവും നിറഞ്ഞു കവിഞ്ഞ ഒരു ഹൃദയം ഊക്കനച്ചൻ കാത്തുസൂക്ഷിച്ചിരുന്നു. പാവപ്പെട്ടവരോടും പാപികളോടും ദുഃഖമനുഭവിക്കുന്നവരോടും രോഗികളോടും ഏറ്റവും കഷ്ടതനിറഞ്ഞ അവസ്ഥയിലുള്ളവരോടും അച്ചന് പ്രത്യേക പരിഗണനയും താത്പര്യവുമുണ്ടായിരുന്നു. അവരുടെ പ്രശ്നങ്ങൾ സ്വന്തം പ്രശ്നമായി കരുതി പരിഹരിക്കുവാൻ അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു.

അക്കാലത്ത് നിലനിന്നിരുന്ന ജന്മികുടിയാൻ വ്യവസ്ഥിതിക്കെതിരെ ശക്തമായി പോരാടി സമൂഹത്തിൽ നീതി നടപ്പാക്കി. ജാതി-മത-വർഗ-വർണ ഭേദമെന്യേ എല്ലാ കുടുംബങ്ങളും കയറിയിറങ്ങി അവർക്കാവശ്യമായ ആശ്വാസവും സ്നേഹവും സമാധാനവും സാമീപ്യവും പകർന്നുകൊടുത്ത് കാരുണ്യത്തിന്റെ അടയാളമായി മാറി. അവർ അദ്ദേഹത്തെ സ്നേഹാദരവോടെ 'അച്ചൻ തമ്പുരാൻ' എന്നാണ് വിളിച്ചിരുന്നത്. പഞ്ചായത്ത് രാജ് രൂപീകൃതമാകുന്നതിനു മുമ്പുതന്നെ കൊച്ചി രാജാവ് അദ്ദേഹത്തെ പഞ്ചായത്തു പ്രസിഡന്റായി നിയമിച്ചു. പിന്നീട് പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. നാടിന്റെ സർവതോന്മുഖമായ വികസനത്തിനും വളർച്ചയ്ക്കുമായി അദ്ദേഹം അവിരാമം പരിശ്രമിച്ചു.

*" ആർക്കും സഹായം നിഷേധിക്കരുത്."*


*" നന്മ ചെയ്യുവാൻ എന്റെ കൈകളേയും അങ്ങേക്കുവേണ്ടി ഓടുവാൻ എന്റെ കാലുകളേയും സ്വതന്ത്രമാക്കണമെ."*




ചൊവ്വന്നൂർ പഞ്ചായത്ത് ഓഫീസ്

പ്രേഷിത തീക്ഷ്ണത നിറഞ്ഞു നിന്നിരുന്ന ഒരു വൈദികനായിരുന്നു ഊക്കനച്ചൻ. ആത്മാക്കളുടെ രക്ഷയിലൂടെ ദൈവരാജ്യവിസ്തൃതിക്കായി അദ്ദേഹം പരിശ്രമിച്ചു. വിശ്വാസ സംരക്ഷണത്തിലും വിശ്വാസ പരിശീലനത്തിലും അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. നല്ലൊരു വചനപ്രഘോഷകനും ധ്യാനപ്രസംഗകനുമായിരുന്നു ഊക്കനച്ചൻ. കുന്ദംകുളത്തും പരിസരത്തുമുള്ള ഇതര ക്രൈസ്തവ സഭാംഗങ്ങളോട് ഊഷ്മളബന്ധം പുലർത്തിയിരുന്ന അദ്ദേഹം മതസൗഹാർദത്തിന്റെയും എക്യുമെനിസത്തിന്റെയും ശക്തനായ വക്താവായിരുന്നു. വലിയ വിദ്യാഭ്യാസ വിചക്ഷണനായിരുന്ന ഈ ശ്രേഷ്ഠ വൈദികൻ സെന്റ് തോമസ് കോളേജിന്റെ വളർച്ചയിൽ നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

*" ദൈവ കാരുണ്യത്തിന്റെ ജോലി വ്യാപിപ്പിക്കുകയും എല്ലാ ജീവജാലങ്ങൾക്കും ദൈവത്തിന്റെ അനന്ത നന്മ അനുഭവ വേദ്യമാക്കുകയും ചെയ്യുക."*



1929-ൽ ചൊവ്വന്നൂരിൽ ഒരു അനാഥശാലയും 1930-ൽ സ്ത്രീകൾക്കായുള്ള ഒരു ഭക്തസംഘടനയും ഊക്കനച്ചൻ ആരംഭിച്ചു. ഇവരെ പരിശീലിപ്പിച്ചെടുത്ത് 1944-ൽ ചാരിറ്റി സന്യാസിനി സമൂഹം സ്ഥാപിച്ചു.

ദിവ്യകാരുണ്യ സന്നിധിയിൽ നീണ്ട മണിക്കൂറുകൾ ചിലവഴിച്ചിരുന്ന അദ്ദേഹത്തെ *'തിരുസന്നിധാനത്തിലെ കെടാവിളക്ക്'* എന്നാണ് നാട്ടുകാർ വിശേഷിപ്പിച്ചത്. ഇതിലൂടെ സ്വന്തമാക്കിയ ആബാനുഭവത്തിലൂടെയും പരിത്യാഗപൂർണമായ ജീവിതത്തിലൂടെയും വിശുദ്ധിയിൽ വളരുവാനും പാപത്തിലേക്കുള്ള മനുഷ്യസഹജമായ ചാച്ചിലുകളെ മറികടക്കുവാനും ഊക്കനച്ചനു സാധിച്ചു. ക്രൂശിതനോടും പരിശുദ്ധ കുർബാനയോടും തിരുഹൃദയത്തോടും പരിശുദ്ധ അമ്മയോടും വിശുദ്ധ യൗസേപ്പിതാവിനോടും കാവൽ മാലാഖയോടും തീക്ഷ്ണമായ ഭക്തിവച്ചുപുലർത്തിയിരുന്ന ഊക്കനച്ചൻ വിശുദ്ധിയുടെ പരിമളം പരത്തിയ ഒരു വന്ദ്യവൈദികനായിരുന്നു.

# പ്രത്യേക ഭക്തികൾ



"കുരിശ് നമ്മുടെ പടച്ചട്ടയാണ്."



"ഓരോ ദിവസത്തിന്റേയും കേന്ദ്രസംഭവം
വി.കുർബ്ബാന സ്വീകരണമായിരിക്കണം."



" സ്നേഹത്തിന്റെ ഇരിപ്പിടമാണ് തിരുഹൃദയം."



" സുവിശേഷത്തിന്റെ പ്രകാശത്തിനായി
ദാഹിക്കണം."



" പാപികളുടെ അഭയകേന്ദ്രമാണ്
പരിശുദ്ധ അമ്മ."



" വി.യൗസേപ്പിതാവിന്റെ സൂക്ഷത്തിന്
നിന്നെ ഭരമേൽപ്പിക്കുക."



" എന്റെ
കാവൽ മാലാഖയെ
ഞാൻ
തിരിച്ചറിയണം."

തികഞ്ഞ നീതിബോധത്തിനുടമയായിരുന്നു ഊക്കനച്ചൻ. ദൈവ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് അർഹമായ മഹത്വവും തുല്യതയും കുടുംബത്തിലും സമൂഹത്തിലും ലഭ്യമാക്കുവാൻ അദ്ദേഹം കഠിനാധ്വാനം ചെയ്തു. കുടുംബ ബന്ധങ്ങളുടെ വീണ്ടെടുക്കലിൽ ഊന്നൽ കൊടുത്ത ഒരു അജപാലക ശൈലി ഊക്കനച്ചന് സ്വന്തമായിരുന്നു.

അദ്ദേഹത്തിന്റെ സ്നേഹദർശനത്തിൽ ജാതിമത ഭേദമെന്യേ എല്ലാവരും ഉൾപ്പെട്ടിരുന്നു. വിശ്വമാനവികതയുടെ സ്നേഹദർശനം അദ്ദേഹം ആവാഹിച്ചു. സാമൂഹ്യ മാറ്റത്തിന് പ്രകടമായ സ്ഥാനം വഹിക്കുകയും ചെയ്തു. മനുഷ്യന്റെ സമഗ്രവിമോചനമാണ് അദ്ദേഹം ലക്ഷ്യം വച്ചിരുന്നത്. "യേശുവിന്റെ കരുണാർദ്രസ്നേഹത്താൽ ഉയർത്തപ്പെട്ട ഒരു സ്മാരകമായി" തന്നെത്തന്നെ കണ്ട ഊക്കനച്ചൻ ഈ സ്നേഹത്തിന്റെ ജീവിക്കുന്ന പ്രവാചകരും പ്രചാരകരുമാകുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു, മറ്റുള്ളവരോടുള്ള കരുതലും കരുണയും ഉണ്ടാകുമ്പോഴാണ് വെളിച്ചം ഉണ്ടാകുക എന്ന് പഠിപ്പിക്കുന്നു. പ്രാർഥനയും പ്രവർത്തനവും സമഞ്ജസമായി സമ്മേളിപ്പിച്ച ഒരു മനോഹര ജീവിതത്തിനുടമയായിരുന്നു ഊക്കനച്ചൻ. സാമൂഹ്യ പ്രതിബദ്ധതയും നിറഞ്ഞ ആദ്ധ്യാത്മികതയും ഒരുമിച്ചു കൊണ്ടുപോകുവാൻ സാധിച്ച ഊക്കനച്ചൻ നമുക്ക് ഏറെ അനുകരണീയമായ മാതൃകയാണ്.



" ഉദാരമായി ജോലി ചെയ്യുക. പ്രതിഫലമോ നന്ദിയോ ഇച്ഛിക്കാതിരിക്കുക."



ഊക്കനച്ചന്റെ മുറി

"പുരോഹിതൻ മറ്റൊരു ക്രിസ്തുവാണ്, ക്രിസ്തുവിന്റെ സുഗന്ധ പരിമളമാണ്" എന്ന് ദർശനം ചെയ്ത അദ്ദേഹം അജപാലന ശുശ്രൂഷ ചെയ്ത ഇടങ്ങളിലെല്ലാം അനേകായിരങ്ങൾക്ക് മാതാവും പിതാവും രക്ഷകനും മാതൃകയും അനുഗ്രഹവുമായി മാറി.

## മരണം

മരണത്തെപ്പറ്റി വളരെ വ്യക്തമായ ദർശനം ഊക്കനച്ചനുണ്ടായിരുന്നു. എന്താണ് മരണം എന്നും മരണത്തിനായി എപ്രകാരം ഒരുങ്ങണമെന്നും തന്റെ മക്കളെ ധ്യാനങ്ങളിലൂടെ അദ്ദേഹം പഠിപ്പിച്ചു: "ആത്മാവിനെ ദൈവവരപ്രസാദത്തിൽ നിലനിർത്തുക, പാപം ചെയ്താൽ ഉടനെതന്നെ മനസ്തപിച്ച് കുമ്പസാരിക്കുക,

ദിവസവും ഉറങ്ങുന്നതിനു മുമ്പ് പാപത്തെപ്പറ്റി അനുതപിക്കുന്ന സ്വഭാവം രൂപീകരിക്കുക. മരണംവരെ പ്രസാദവരാവസ്ഥയിൽ ജീവിക്കുക എന്നത് ദൈവത്തിന്റെ വലിയ കൃപയാണ്. അനുദിനം വിശുദ്ധ കുർബാന സ്വീകരണത്തിനുശേഷം ഈ അനുഗ്രഹത്തിനായി പ്രാർഥിക്കണം. സ്വർഗത്തെ ഭൂമിയുമായി ബന്ധിപ്പിക്കുന്ന പാലം മാത്രമാണ് മരണം. മരണത്തെ അഭിമുഖീകരിക്കാതിരിക്കുന്നത് ഭീരുത്വവും വിഡ്ഢിത്തവുമാണ്."

ഈലോകജീവിതം പോലെയായിരിക്കും ഒരുവന്റെ മരണമെന്നും ഇത് ഇവിടത്തെ അവസാന നിമിഷവും അവസാനിക്കാത്ത ജീവിതത്തിന്റെ ആരംഭവുമാണെന്നും അദ്ദേഹത്തിന് വ്യക്തമായറിയാമായിരുന്നു.

## മരണത്തിനായി ഒരുങ്ങിയ വിധം

മരണത്തിനൊരുങ്ങുന്നതിന്റെ ഭാഗമായി തനിക്കുണ്ടായിരുന്നതെല്ലാം അദ്ദേഹം കൈമാറി. 1948 ആഗസ്റ്റ് 31-ാം തീയതി അദ്ദേഹം മരണപത്രം തയ്യാറാക്കിയിട്ടുണ്ടായിരുന്നു. 1954-ൽ ഇടവക ഭരണത്തിൽ നിന്നും വിരമിച്ച് മഠത്തിനടുത്തുള്ള ഒരു ചെറിയ ഭവനത്തിൽ താമസമാക്കി. 1955 മെയ് 30-ാം തീയതി സഭയിലെ ആദ്യത്തെ സിനാക്സിസ് നടന്നു. സിനാക്സിസിന് ഒരുങ്ങുന്നതിനായി അദ്ദേഹം 1955 മെയ് 4-ാം തീയതി ഒരു സർക്കുലർ അയച്ചു.



ജോൺ നിവാസ്



നിത്യാരാധന ചാപ്പൽ

*"സൂര്യനിൽ കണ്ണുംനട്ടിരിക്കുന്ന ഒരാൾക്ക് തനിക്ക് ചുറ്റുമുള്ള വസ്തുക്കൾ പെട്ടെന്ന് കാണുവാൻ സാധിക്കാത്തതുപോലെയായിരിക്കണം ദിവ്യകാരുണ്യ സന്നിധിയിൽ ഒരു ആത്മാവ്."*

നിത്യാരാധന:
**09.00 am - 04.00 pm**

1956 സെപ്തംബറിൽ സ്വന്തം നിയോഗങ്ങൾക്കായി അദ്ദേഹം 28 ദിവ്യബലി അർപ്പിച്ചു. അദ്ദേഹത്തിന്റെ അവസാനത്തെ ദിവ്യബലിയർപ്പണം 1956 ഒക്ടോബർ 4-ാം തീയതി ആയിരുന്നു. പനി കാരണം തുടർന്നുള്ള ദിവസങ്ങളിൽ അദ്ദേഹത്തിന് ദിവ്യബലിയർപ്പിക്കുവാൻ

സാധിച്ചില്ല. ഒക്ടോബർ 12-ാം തീയതി രൂപതാധ്യക്ഷൻ അദ്ദേഹത്തെ സന്ദർശിച്ചു. അടുത്ത ദിവസം 1956 ഒക്ടോബർ 13-ാം തീയതി റവ. ഫാ. മരിയാനൂസ് ടി.ഒ.സി.ഡി അദ്ദേഹത്തിന് രോഗീലേപനം നൽകി. അന്നത്തെ ചൊവ്വന്നൂർ പള്ളി വികാരിയായിരുന്ന റവ. ഫാ. ഇട്ടൂപ്പിൽ നിന്നും വി. കുർബാന സ്വീകരിച്ചു. അന്നുതന്നെ അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു.

**പിതൃസന്നിധിയിലേയ്ക്ക്**



*" ഈ ലോകത്തെ പരലോകവുമായി ബന്ധിപ്പിക്കുന്ന ഒരു പാലം മാത്രമാണ് മരണം."*

*" മരണക്കിടക്ക അൾത്താരയും ബലിയുടെ പൂർത്തീകരണം മരണവുമായിത്തീരട്ടെ."*

## വിശുദ്ധിയുടെ പരിമളം

ജാതി-മത-വർഗ-വർണ ഭേദമെന്യെ എല്ലാമനുഷ്യരും ഊക്കനച്ചനെ വിശുദ്ധിയുള്ള ഒരു വലിയ മനുഷ്യനായിട്ടാണ് പരിഗണിച്ചിരുന്നത്. സാധാരണ പതിവിനുമപ്പുറം മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര കുന്ദംകുളംവരെയുണ്ടായിരുന്നു. ആയിരക്കണക്കിനാളുകൾ വിലാപയാത്രയിൽ പങ്കെടുത്തു. ഇടവക തിരുനാളിനുപോലും ഇത്രയധികം ജനം ഉണ്ടാകാറില്ല എന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. വിലാപയാത്രക്കുശേഷം മൃതദേഹം ഇടവക ദേവാലയത്തിൽ ഒക്ടോബർ 14-ാം തീയതി സംസ്കരിച്ചു. തങ്ങളുടെ സ്വന്തമായും സമ്പത്തായും നിധിയായും അദ്ദേഹത്തെ പരിഗണിച്ച ചൊവ്വന്നൂർ നാട്ടിലെ ജനങ്ങളാണ് ഈ ശുശ്രൂഷകൾക്കെല്ലാം നേതൃത്വം നൽകിയത്. അദ്ദേഹം അവർക്ക് നല്ലൊരു അജപാലകനായിരുന്നു, ആത്മീയ നേതാവായിരുന്നു, മാതൃകയായിരുന്നു, അവരുടെ ആവശ്യങ്ങളിൽ ഇടപെട്ട പിതാവായിരുന്നു. അവർ അദ്ദേഹത്തെ വിശുദ്ധനായി പരിഗണിച്ചു. ശവമഞ്ചത്തിൽ നിന്നും പൂക്കളെടുത്തു സൂക്ഷിച്ചവർ അനേകരാണ്. ഇന്നും അവർ മാധ്യസ്ഥ്യം അപേക്ഷിക്കുന്നു; അനുഗ്രഹം പ്രാപിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ഊക്കനച്ചന്റെ നാമകരണ നടപടികൾ ആരംഭിക്കുവാൻ തൃശൂർ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്

# ദൈവദാസ പ്രഖ്യാപനം










"പുത്രൻ സ്വീകരിച്ച് ശ്രേഷ്ഠമാക്കിയ മനുഷ്യശരീരത്തെ നമ്മുടെ അശുദ്ധതയും സുഖലോലുപതയും കൊണ്ട് അനാദരിക്കരുത്."

"പാപത്തിലാരംഭിച്ച എന്റെ ജീവിതം പുണ്യത്തിന്റെ നിറവിൽ അവസാനിക്കട്ടെ."










*"സാധാരണ കൃത്യങ്ങളിൽ വിശ്വസ്തത പുലർത്തുന്നവരെ
അസാധാരണ കൃത്യങ്ങൾക്കായി ദൈവം ഒരുക്കുന്നു."*

2007 നവംബർ 30-ാം തീയതി അനുവാദം നൽകി. 2008 ആഗസ്റ്റ് 24-ാം തീയതി ഈ വന്ദ്യവൈദികൻ ദൈവദാസനായി ഉയർത്തപ്പെട്ടു. 2008 ആഗസ്റ്റ് 31-ാം തീയതി അതിരൂപതാ ട്രൈബ്യൂണൽ സ്ഥാപിതമാകുകയും 2010 മാർച്ച് 24-ാം തീയതി കല്ലറതുറന്ന് ഭൗതിക ശരീരം പരിശോധിച്ച്, തിട്ടപ്പെടുത്തി, പുനഃസ്ഥാപിക്കുകയും ചെയ്തു.



അതിരൂപതാ ട്രൈബ്യൂണൽ സമാപനം

*" പുണ്യപൂർണ്ണത പ്രാപിക്കുവാൻ അനുദിന ക്രമങ്ങളെ വീരോചിതമായി ചെയ്താൽ മതി. സാധാരണ ജോലി അസാധാരണമാം വിധം ചെയ്യുന്നതിലാണ് പുണ്യ പൂർണ്ണത അടങ്ങിയിരിക്കുന്നത്."*

2012 മെയ് 23-ാം തീയതി അതിരൂപതാ ട്രൈബ്യൂണൽ സമാപിച്ചു. 2018 ഡിസംബർ 21-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഊക്കനച്ചനെ ധന്യനായി ഉയർത്തി. 2018 ഡിസംബർ 26-ാം തീയതി തൃശൂർ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ചൊവ്വന്നൂർ സെന്റ് തോമസ് കത്തോലിക്കാ ദേവാലയത്തിൽ വെച്ച് ഊക്കനച്ചന്റെ ധന്യപദവി പ്രഖ്യാപനം നടത്തി കൃതജ്ഞതാബലി അർപ്പിച്ചു. അനതിവിദൂരഭാവിയിൽത്തന്നെ ഊക്കനച്ചൻ അൾത്താരയിൽ വണങ്ങപ്പെടുന്ന ദിനം വന്നെത്തുന്നതിന് നമുക്ക് പ്രാർഥിക്കാം.

മനുഷ്യത്വത്തിന്റെ ശ്രേഷ്ഠ ഭാവങ്ങളും ദിവ്യത്വത്തിന്റെ ആത്മീയ മാനങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഈശോയുടെ കരുണയും കരുതലും കാവലും ഈ ലോകത്തിന് പ്രദാനം ചെയ്ത ധന്യൻ അഗസ്റ്റി ജോൺ ഊക്കനച്ചന്റെ ജീവിതം ആധുനിക യുഗത്തിന് ഒരു പാഠപുസ്തകമാണ്.

## ധന്യപദവി പ്രഖ്യാപനവും കൃതജ്ഞതാബലിയും (2018 ഡിസംബർ 26)



"ചെറിയോരജഗണമേ ഭയപ്പെടേണ്ടാ, ഞാൻ ഇന്നത്തെക്കാളധികമായി സ്വർഗത്തിലിരുന്ന് അനുഗ്രഹങ്ങൾ വർഷിക്കും."

## ചൊവ്വന്നൂർ സെന്റ് തോമസ് കത്തോലിക്കാ ദേവാലയത്തിലെ ശുശ്രൂഷകൾ

| | |
|---|---|
| ദിവ്യബലി | : 06.30 am |
| ദിവ്യബലി – ഞായർ | : 06.30 am, 10.30 am |
| രണ്ടാം ശനി ഓർമ ആചരണം | : 09.30 am ജപമാല<br>10.00 am ദിവ്യബലി<br>11.30 am ആരാധന, പ്രഭാഷണം<br>12.30 pm നേർച്ച ഊട്ട് |

**കുമ്പസാരിക്കുവാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.**

" മനസ്സറിഞ്ഞുകൊണ്ട് ഒരു മിനിറ്റ് പോലും കളയാതിരിക്കുക. പുണ്യയോഗ്യത സമ്പാദിക്കുവാനുള്ള സമയം പ്രയോജനകരമാം വിധം ചെലവഴിക്കുക."

## സെന്റ് തോമസ് ദേവാലയം, ചൊവ്വന്നൂർ





കബറിടം

*"ഞാൻ ഈ ലോകത്തിലും പരലോകമാകുന്ന നഭോമണ്ഡലത്തിലും ദൈവമഹത്വം പ്രസരിപ്പിക്കുന്ന, ദൈവത്തിന്റെ അനന്ത കാരുണ്യം പ്രഘോഷിക്കുന്ന ഒരു നക്ഷത്രമായിരിക്കട്ടെ."*

## അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിത തീർഥയാത്രയിലൂടെ

| | |
|---|---|
| 1880 ഡിസം. 19 | ജനനം, തൊയക്കാവ് |
| 1880 ഡിസം. | മാമ്മോദീസ, ഏനമ്മാവ് |
| 1895 | ആയത്ത പഠനം |
| 1898 ഏപ്രിൽ 17 | കാന്റി സെമിനാരി പ്രവേശനം |
| 1900 ഡിസം. 22 | വൈദിക വസ്ത്ര സ്വീകരണം |
| 1904 ഡിസം. 17 | ചെറിയ പട്ടങ്ങൾ |
| 1905 ഡിസം. 23 | സബ് ഡീക്കൻ പട്ടം |
| 1906 ഡിസം. 22 | ഡീക്കൻ പട്ടം |
| 1907 ഡിസം. 21 | തിരുപ്പട്ട സ്വീകരണം |
| 1907 ഡിസം. 22 | നവപൂജാർപ്പണം |
| 1907 ഡിസം. – 1909 സെപ്തം. | സെന്റ് തോമസ് സ്കൂളിന്റെ അസിസ്റ്റന്റ് മാനേജർ |
| 1909 സെപ്തം. – 1909 ഡിസം. 31 | കണ്ടശ്ശാംകടവ് വികാരി, വാടാനപ്പിള്ളി ഇടവകയുടെ നടത്തുവികാരി. |
| 1910 ജനു. 1 – 1917 ഡിസം. 31 | മൈനർ സെമിനാരി റെക്ടർ, ഈ കാലഘട്ടത്തിൽ കുറച്ചുനാൾ വിജയപുരം പള്ളി വികാരി, 1913 – ൽ നാലുമാസം ചിറളയം, ചൊവ്വന്നൂർ പള്ളികളുടെ വികാരി. |
| 1913 ജൂലൈ – 1917 ജനു. 13 | മേനാച്ചേരി മെത്രാനച്ചന്റെ സെക്രട്ടറി |
| 1918 ജനു. 1 – 1918 ഡിസം. 21 | ലൂർദ് കത്തീഡ്രൽ വികാരി |
| 1918 ഡിസം. 21 – 1921 ഏപ്രിൽ | കോട്ടപ്പടി പള്ളി വികാരി, ഈ കാലയളവിൽ ആർത്താറ്റ് പള്ളി വികാരിയുമായിരുന്നു. |

അഞ്ഞൂർ, ഇയ്യാൽ, വെള്ളറക്കാട്, ഗുരുവായൂർ, ഒരുമനയൂർ, പാറേമ്പാടം, പോന്നോർ എന്നിവിടങ്ങളിൽ ഊക്കനച്ചൻ പൊതുവികാരിയൊ, നടത്തുവികാരിയൊ ആയിരുന്നിട്ടുണ്ട്.

*" ഒരു തീർത്ഥയാത്രക്കാരനെപ്പോലെ ആയിരിക്കുക. സ്വർഗമാണ് വീടെന്നും ഈ ലോകം വിദേശം മാത്രമാണെന്നും കരുതി ലോകത്തിൽ കാണുന്ന സുഖ സന്തോഷങ്ങളെ അവഗണിച്ച് വേഗത്തിൽ സ്വദേശമായ സ്വർഗത്തിൽ ചെന്നെത്തണമെന്ന് കരുതി വേഗത്തിൽ നടക്കുക."*

| | |
|---|---|
| 1921 - 1925 | സെന്റ് തോമസ് കോളേജ് മാനേജർ |
| 1925 നവം. - 1928 | മറ്റം പള്ളി വികാരി |
| 1928 ജനു. 28 - 1954 | ചൊവ്വന്നൂർ പള്ളി വികാരി |
| 1929 | അനാഥശാലയുടെ സ്ഥാപനം |
| 1930 നവം. 21 | സ്ത്രീകൾക്കായുള്ള ഭക്തസംഘടനയുടെ സ്ഥാപനം |
| 1932 ഡിസം. 22 | പൗരോഹിത്യ രജത ജൂബിലി |
| 1933 ജൂൺ 12 | ചിറളയം പള്ളി വികാരി |
| 1939 ജനു. 25 - 1941 നവം. 10 | പാലയൂർ പള്ളി വികാരി |
| 1940 ഡിസം. 19 | ഷഷ്ടിപൂർത്തി |
| 1944 നവം. 9 | മാതൃഭവനം ആശീർവാദം |
| 1944 നവം. 13 | ചാരിറ്റി സന്യാസിനി സമൂഹത്തിന് സ്ഥാപനാനുമതി |
| 1944 നവം. 21 | ചാരിറ്റി സന്യാസിനി സമൂഹം ഔദ്യോഗികമായി ആരംഭിച്ചു |
| 1945 മാർച്ച് 18 | സഭാവസ്ത്രത്തിന് അംഗീകാരം |
| 1945 മെയ് 3 | ആദ്യ സഭാംഗങ്ങളുടെ സഭാവസ്ത്ര സ്വീകരണം |
| 1946 ആഗസ്റ്റ് 28 | കൊക്കാല സെന്റ് അഗസ്റ്റിൻ മഠം സ്ഥാപനം |
| 1946 ഒക്ടോ. 28 | മുണ്ടത്തിക്കോട് ക്രിസ്തുരാജ മഠം സ്ഥാപനം |
| 1948 ജനു. 1 | ആദ്യ സഭാംഗങ്ങളുടെ പ്രഥമ വ്രത വാഗ്ദാനം |
| 1950 ഫെബ്രു. 2 | കുന്ദംകുളം നസറത്ത് പഠന മന്ദിരം സ്ഥാപനം |
| 1950 ഫെബ്രു. 18 | ചൊവ്വന്നൂർ ഫാത്തിമാ മഠം സ്ഥാപനം |

*" ഞാൻ ഒരു യാത്രക്കാരനാണ്. യാത്രക്കാരൻ സ്വഗൃഹം മറക്കുകയില്ല; അവിടേക്കെത്തുവാൻ വൈകുകയോ, എതിർ ദിശയിലൂടെ സഞ്ചരിക്കുകയോ ഇല്ല."*

| | |
|---|---|
| 1953 സെപ്തം. 8 | മുല്ലശ്ശേരി ദൈവപരിപാലനാ മഠം സ്ഥാപനം |
| 1954 ഫെബ്രു. 11 | ഉപവി സഹോദരിമാർ കുഷ്ഠരോഗികളുടെ ശുശ്രൂഷയിൽ |
| 1954 മാർച്ച് 19 | കല്ലൂർ സെന്റ് ജോസഫ് മഠം സ്ഥാപനം |
| 1954 – 1956 | വിശ്രമ ജീവിതം |
| 1955 നവം. 21 | പുതുശേരി മരിയ റെജീന മഠം സ്ഥാപനം |
| 1955 മെയ് 4 | സിനാക്സിസ് ആഹ്വാനം – സർക്കുലർ |
| 1955 മെയ് 30 | പ്രഥമ സിനാക്സിസ് |
| 1956 ഒക്ടോ. 4 | അവസാന ദിവ്യബലിയർപ്പണം |
| 1956 ഒക്ടോ. 13 | രോഗീലേപനം |
| 1956 ഒക്ടോ. 13 | പിതൃസന്നിധിയിലേക്ക് |
| 2007 നവം. 30 | നാമകരണ നടപടികളുടെ ആരംഭം |
| 2008 ആഗസ്റ്റ് 24 | ദൈവദാസൻ |
| 2008 ആഗസ്റ്റ് 31 | അതിരൂപതാ ട്രൈബ്യൂണൽ സ്ഥാപനം |
| 2010 മാർച്ച് 24 | കല്ലറ തുറന്ന് ഭൗതികശരീരം പരിശോധിച്ച്, തിട്ടപ്പെടുത്തി, പുനഃസ്ഥാപിച്ചു. |
| 2012 മെയ് 23 | അതിരൂപതാ ട്രൈബ്യൂണൽ സമാപനം |
| 2018 ഡിസം. 21 | ധന്യൻ |



*ഊക്കനച്ചൻ ഉപയോഗിച്ചിരുന്ന റിക്ഷ*

# ഊക്കനച്ചൻ സ്ഥാപിച്ച മഠങ്ങൾ



പ്രസന്റേഷൻ മഠം,
ചൊവ്വന്നൂർ




സെ. അഗസ്റ്റിൻ മഠം,
കൊക്കാല



ക്രിസ്തുരാജ മഠം,
മുണ്ടത്തിക്കോട്



ഫാത്തിമാ മഠം,
ചൊവ്വന്നൂർ

*“ ഒരു സന്യാസിനി വിശേഷിപ്പിക്കപ്പെടുന്നത് സ്നേഹത്തിന്റെ തടവുകാരന്റെ മണവാട്ടി എന്നാണ്. അവൾ സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും ബലിവസ്തു ആണ്. ആത്മാക്കളുടെ മാതാവാണ്.”*



ദൈവ പരിപാലന
മഠം,
മുല്ലശ്ശേരി

സെ. ജോസഫ് മഠം,
കല്ലൂർ





മരിയ റെജീന മഠം,
പുതുശ്ശേരി

“നിങ്ങളുടെ അമ്മയായ സഭയോട് പുത്രനിർവിശേഷമായ സ്നേഹം ഉണ്ടായിരിക്കണം. അതിന്റെ എല്ലാ കാര്യങ്ങളിലും സ്നേഹവും താല്പര്യവും പ്രകടിപ്പിക്കുക.”

# ഊക്കനച്ചൻ വ്യത്യസ്ത നിമിഷങ്ങളിൽ







“ ഒരു സന്യാസിയുടെ ആദ്ധ്യാത്മിക ഗുരുനാഥൻ പരിശുദ്ധാരൂപിയും
മാതൃകാ ചിത്രം ക്രൂശിതനായ മിശിഹായും പാഠപുസ്തകം
വേദപുസ്തകവും ആയിരിക്കണം.”

# ഊക്കനച്ചൻ ഉപയോഗിച്ച വസ്തുക്കൾ




*"ഔഷധങ്ങൾ തിരഞ്ഞെടുത്ത് ഉപയോഗിക്കുന്നതുപോലെ*
*ദൈവസ്തുതിക്കായി നാം സൃഷ്ടികളെ*
*തിരഞ്ഞെടുത്ത് ഉപയോഗിക്കണം"*



# അനുഗ്രഹ സ്മരണ

എനിക്ക് ഒരു വീടുണ്ടാകുന്നതിനും മകളുടെ വിവാഹം നടത്തുന്നതിനും യാതൊരു നിവൃത്തിയും ഇല്ലാതെ വിഷമിച്ചിരിക്കുന്ന അവസരത്തിൽ സിസ്റ്റർമാരോട് സങ്കടങ്ങൾ പറഞ്ഞു. അപ്പോൾ ഊക്കനച്ചനോട് പ്രാർഥിക്കുവാൻ പറഞ്ഞ് അവർ ഒരു പ്രാർഥന തന്നു. ഒൻപത് ദിവസം പ്രാർഥിക്കണമെന്നും പറഞ്ഞു.

എന്നാൽ ഏഴാം ദിവസം പുരപണിയുവാൻ സഹായം ലഭിച്ചു. ഇപ്പോൾ തരക്കേടില്ലാത്ത ഒരു വീട് പണിതു. കൂടാതെ മൂന്ന് മാസം കഴിഞ്ഞപ്പോൾ മൂത്ത മകളുടെ വിവാഹം നടത്തി. ഇതെല്ലാം ഊക്കനച്ചന്റെ മാധ്യസ്ഥ്യംമൂലം കിട്ടിയ വരദാനങ്ങളാണ്. ദൈവത്തിന് നന്ദി.

**എം.കെ. ശശിധരൻ നായർ,**
**കാഞ്ഞിരപ്പള്ളി**

• • • • • • • • • • • • • •

വിവാഹം കഴിഞ്ഞ് ഒൻപത് വർഷമായിട്ടും ഞങ്ങൾക്ക് ഒരു കുഞ്ഞുണ്ടായില്ല. ഒരു കുഞ്ഞിനുവേണ്ടി ഊക്കനച്ചന്റെ മാധ്യസ്ഥ്യം യാചിച്ചു പ്രാർഥിക്കുകയും ഊക്കനച്ചന്റെ വസതിയിലെ ആരാധനയിൽ പങ്കെടുത്ത് കണ്ണുനീരോടെ പ്രാർഥിക്കുകയും ചെയ്തു. ഞങ്ങളുടെ പ്രാർഥന സഫലമായി. അടുത്ത വർഷം ഒരാൺകുഞ്ഞിനെ നൽകി ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. കൂടാതെ എന്റെ കാലിനടിയിൽ ചൊറിച്ചിലും തൊലി അടർന്നു പോകുന്ന അസുഖവും ഉണ്ടായിരുന്നു. നാലുവർഷം പഴക്കമുള്ള ഈ അസുഖം പിന്നീടുണ്ടായിട്ടില്ല. ദൈവത്തിന് നന്ദി, സ്തുതി.

**ലൂസി നിക്കോളാസ്,**
**വെള്ളിത്തിരുത്തി**

എനിക്ക് രണ്ടാമത്തെ മകൻ ജനിച്ചപ്പോൾ ശ്വസിക്കുവാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനെ തുടർന്ന് NICU-ൽ പ്രവേശിപ്പിച്ചു. ഈ വിഷമസ്ഥിതിയിൽ ഞങ്ങൾ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെ കുറിച്ച് അറിയാൻ ഇടയാവുകയും അച്ചന്റെ നൊവേന ഇടവിടാതെ ചൊല്ലുകയും ചെയ്തു. അതിന്റെ ഫലമായി കുട്ടിയുടെ ആരോഗ്യനില മെച്ചപ്പെടുകയും ശ്വസിക്കുവാനുള്ള ബുദ്ധിമുട്ട് മാറുകയും ചെയ്തു. ഊക്കനച്ചന്റെ മാധ്യസ്ഥ ശക്തിക്ക് ഞാനും കുടുംബവും നന്ദി പറയുന്നു.

**ഫ്രാൻലിൻ കെ.എഫ്,**
ഇരിങ്ങാലക്കുട

• • • • • • • • • • • • •

ബഹുമാനപ്പെട്ട ഊക്കനച്ചന്റെ മധ്യസ്ഥതയിൽ എന്റെ കടബാധ്യതകളെല്ലാം വീട്ടുവാൻ സാധിച്ചതിനും കുടുംബസമാധാനം ലഭിച്ചതിനും നന്ദി. താമസിച്ചതിന് ക്ഷമാപണം.

**സന്തോഷ് പുലിക്കോട്ടിൽ,**
ചിറളയം.

• • • • • • • • • • • • •

എന്റെ അമ്മയ്ക്ക് ക്യാൻസറിന്റെ ലക്ഷണങ്ങളുമായി ഒരു ഓപ്പറേഷൻ വേണമെന്നു പറഞ്ഞു. ആ സമയത്ത് ഞാൻ ഊക്കനച്ചന്റെ മധ്യസ്ഥതയിൽ അഭയപ്പെടുകയും ഓപ്പറേഷൻ റിസൾട്ട് ഒരു കുഴപ്പവും ഇല്ലെങ്കിൽ സാക്ഷ്യപ്പെടുത്താമെന്ന് തീരുമാനിക്കുകയും ചെയ്തു. ഓപ്പറേഷൻ കഴിഞ്ഞ് റിസൾട്ട് വന്നപ്പോൾ യാതൊരു കുഴപ്പവും ഇല്ല. ഒരു കുർബാന ചൊല്ലിച്ചിരുന്നു. ആരാധനയിൽ പങ്കെടുത്തു. ഈ അത്ഭുതസൗഖ്യത്തിന് നന്ദി പറയുന്നു.


**രജിത,**
പോർക്കുളം.


• • • • • • • • • • • • •

എന്റെ വീടും സ്ഥലവും വിൽക്കുവാൻ തീരുമാനിച്ചിട്ട് സ്ഥലം വിൽപ്പന നടന്നില്ല. ഊക്കനച്ചനോട് മാധ്യസ്ഥ്യം തേടി പ്രാർഥിക്കുകയും ആരാധനയിൽ പങ്കെടുക്കുകയും ചെയ്തതിന്റെ ഫലമായി ഉചിതമായ സംഖ്യക്ക് സ്ഥലം വിൽപ്പന നടത്തുവാൻ കഴിഞ്ഞു. ദൈവമേ നന്ദി.

**ലില്ലിക്കുട്ടി,**
കോട്ടയം.

## ഊക്കനച്ചന്റെ കൈയക്ഷരം, ഒപ്പ്






*"വളമില്ലാത്ത മണ്ണിൽ വളം ഇട്ട് ഫലം ഉണ്ടാകുന്നതുപോലെയാണ് ആത്മാവിൽ ജ്ഞാനവായനയുടെ ഫലം കിട്ടുന്നത്"*


# Exhumation





"ഞാൻ
ദൈവത്തിന്റെ അനന്ത
കാരുണ്യത്താൽ
ഉയർത്തപെട്ട
ഒരു
സ്മാരകമായിരിക്കും."


## പ്രസിദ്ധീകരണങ്ങൾ













"ആത്മീയ പരിപോഷണത്തി
നായി ജ്ഞാനവായന
നടത്തണം"

"വിശുദ്ധ സ്ഥലങ്ങൾ പരിശുദ്ധ
മായും ആദരവോടു
കൂടെയും സൂക്ഷിക്കണം.



എക്യുമെനിസത്തെപ്പറ്റി വ്യക്തമായ അറിവുള്ള വ്യക്തിയായിരുന്നു ഊക്കനച്ചൻ. എല്ലാ സഭകളുമായി അദ്ദേഹത്തിന് അടുപ്പമുണ്ടായിരുന്നു. മതങ്ങളുമായി വിമർശന ബുദ്ധിയില്ലാത്ത ബന്ധം അദ്ദേഹം സൂക്ഷിച്ചു. ഞാൻ സ്നേഹിക്കുകയും ആദരിക്കുകയും മാതൃകയായി മനസ്സിൽ സൂക്ഷിക്കുകയും ചെയ്യുന്ന ഒരു വന്ദ്യപുരോഹിതനാണ് ഊക്കനച്ചൻ.

**ഫാ. ജോർജ്ജ് ചീരൻ**, ഓർത്തഡോക്സ് സഭ

• • • • • • • • • • • • •

ജാതിയൊ മതമൊ നോക്കാതെ സാമൂഹ്യസേവനം ചെയ്ത മഹത് വ്യക്തി. എല്ലാവരേയും എല്ലാറ്റിനേയും വലുതായി മാത്രം കണ്ട ആത്മീയാചാര്യൻ. കലർപ്പില്ലാത്ത സ്നേഹത്തിന്റെ ഉടമ. നന്മയുടെ, സന്തോഷത്തിന്റെ, സ്നേഹത്തിന്റെ, പങ്കുവയ്ക്കലിന്റെ, കരുതലിന്റെ ജീവിതശൈലി പടുത്തുയർത്തിയ ചരിത്രപുരുഷൻ. പഞ്ചായത്ത് ഭരണത്തിന് റോൾമോഡൽ... ഇതാണ് ഞാൻ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഊക്കനച്ചൻ.

**അഡ്വ. പി.വി. ചന്ദ്രൻ**, കുന്ദംകുളം.

• • • • • • • • • • • • •

അനാഥയായ എന്നെ സ്വീകരിച്ച് സ്വന്തം മകളെപ്പോലെ വളർത്തിയ എന്റെ അപ്പനാണ് ഊക്കനച്ചൻ. ദുഃഖങ്ങളും വേദനകളും അനുഭവിക്കുന്നവരോട് ഒരു പ്രത്യേക സ്നേഹവും അനുകമ്പയും അദ്ദേഹത്തിനുണ്ടായിരുന്നു.

**കുഞ്ഞേത്തി**, കല്ലൂർ

• • • • • • • • • • • • •

എന്റെ ജീവിതത്തിൽ കെടാവിളക്കായി ഇന്നും ഊക്കനച്ചന്റെ നിറസാന്നിധ്യം ഉണ്ട്. സത്യം പറഞ്ഞാൽ ഊക്കനച്ചൻ എന്റെ ജീവിതത്തിൽ ഇന്നും എന്നും ഒരു ആത്മീയ ബലവും, പ്രചോദനവും, ശക്തിയുമാണ്.

**താണിക്കൽ ഔസേഫ് തോമസ്**, ചൊവ്വന്നൂർ

• • • • • • • • • • • • •

ഞങ്ങളുടെ ആവശ്യങ്ങളിൽ ഇടപെട്ട ഞങ്ങളുടെ കുടുംബത്തിന്റെ രക്ഷകനാണ് ഊക്കനച്ചൻ.

**മർഗരീത്ത പൊറിഞ്ചു**, ചൊവ്വന്നൂർ

• • • • • • • • • • • • •

കുടുംബങ്ങളുടെ വഴികാട്ടിയാണ് ഊക്കനച്ചൻ. അദ്ദേഹം ഞങ്ങളെ മിതവ്യയ ശീലം പഠിപ്പിച്ചു.

**മർത്ത**, ചിറളയം

*“ ഭൂഗോളത്തിന്റെ എല്ലാ ഭാഗത്തും – മരവിപ്പിക്കുന്ന തണുപ്പിലും പൊള്ളുന്ന ചൂടിലും – ആത്മാക്കളെ തേടുന്ന ജോലിയിൽ എല്ലാവരും വ്യാപൃതരാകട്ടെ.”*